"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ അബി എബ്രഹാം, അനുഗ്രഹ, കിസാൻ റോഡ്, അലവിൽ പോസ്റ്റ് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.12/2026/ID തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-

1. കണ്ണൂർ ജിയോളജിസ്റ്റിന്റെ 18/09/2024 തീയതിയിലെ 35/2024-25/GBS/DOKAN-DMG/2469/2023-M നമ്പർ നടപടിക്രമം.
2. ശ്രീ അബി എബ്രഹാം , അനുഗ്രഹ, കിസാൻ റോഡ്, അലവിൽ പോസ്റ്റ്, കണ്ണൂർ 12/08/2025 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 25.09.2025 തീയതിയിലെ ഡിഎംജി/2171/2025-എം3 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ വില്ലേജിൽ സർവേ നമ്പർ 275/1 A ൽ പ്പെട്ടതും ശ്രീ അബി എബ്രഹാം , അനുഗ്രഹ, കിസാൻ റോഡ്, അലവിൽ പോസ്റ്റ്, കണ്ണൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് നിന്നും 79350 ക്യൂബിക് മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം നടത്തിയതായി കണ്ണൂർ ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ആയതിൽ ഉത്തരമേഖല സ്ക്വാഡ് നടപടി സ്വീകരിച്ച 12360 ക്യൂ.മീറ്റർ കുറവ് ചെയ്ത് ബാക്കി വരുന്ന 66980 ക്യൂ.മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റിയും വിലയും കൂട്ടി ആകെ 4,01,94,000/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് കണ്ണൂർ ജിയോളജിസ്റ്റ് 18/09/2024 ന് നൽകിയ പരാമർശം (1) പ്രകാരമുള്ള നടപടിക്രമത്തിനെതിരെ ശ്രീ.അബി അബ്രഹാം, അനുഗ്രഹ, കിസാൻ റോഡ്, കണ്ണൂർ പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 16/09/2025 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽകക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുകയുണ്ടായി.

3. അപ്പീൽ കക്ഷി പരാതിക്കാസ്പദമായ ഭൂമി മറ്റൊരു വ്യക്തിക്ക് കരാർ ഒപ്പ വെച്ച് 2017 ജനുവരിയിൽ കൃഷിക്ക് വേണ്ടി പാട്ടത്തിന് നല്കിയതാണെന്നും എന്നാൽ 2024ൽ കക്ഷി അനധികൃത ഖനനം നടത്തിയെന്നാരോപിച്ച് ജിയോളജിസ്റ്റ് കാരണം കാണിക്കൽ നോട്ടീസ് നല്കിയെന്നും 2023-ൽ ജിയോളജിസ്റ്റ് അനധികൃത ഖനനം നടത്തിയെന്നാരോപിച്ച് പെനാൽറ്റി ഒടുക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 22,49,800/- രൂപ പെനാൽറ്റി ഒടുക്കിയിട്ടുള്ളതും

അതോടുകൂടി പാട്ടക്കാരനുമായി കോൺട്രാക്ട് റദ്ദ് ചെയ്യുവെന്നും അതിന് ശേഷം താൻ യാതൊരു ഖനന പ്രവർത്തനവും നടത്തിയിട്ടില്ലെന്നും ഇത് സംബന്ധിച്ച് തയ്യാറാക്കിയ മഹസ്സർ തെറ്റാണന്നും വെറും 20 മിനിറ്റ് മാത്രം പരിശോധന നടത്തിയാണ് ഈ മഹസ്സർ തയ്യാറാക്കിയതെന്നും 2023-ൽ റൂൾ ഭേദഗതി വരുന്നതിന് മുമ്പ് ഖനനം നടത്തിയിട്ടുള്ളതാണെന്നും അതിന് അന്നത്തെ നിരക്കനുസരിച്ച് പെനാൽറ്റി കണക്കാക്കുന്നതിന് പകരം ഭേദഗതിക്ക് ശേഷമുള്ള നിരക്കനുസരിച്ചാണ് പെനാൽറ്റി കണക്കാക്കിയിരിക്കുന്നതെന്നും അതിനാൽ ഒന്നു കൂടി സ്ഥല പരിശോധന നടത്തി അനധികൃത ഖനനത്തിന്റെ അളവ് പുനർനിർണ്ണയിച്ച് ചട്ടഭേദതിക്ക് മുമ്പ് നിലനിന്നിരുന്ന നിരക്ക് പ്രകാരം പെനാൽറ്റി പുനർ നിർണ്ണയിക്കണമെന്നും ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ആവശ്യപ്പെടുകയുണ്ടായി.

4. അപ്പീൽ പെറ്റിഷൻ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ വില്ലേജിൽ സർവ്വേ നമ്പർ 275/1 A ൽ പ്പെട്ടതും ശ്രീ അബി എബ്രഹാം , അനുഗ്രഹ, കിസാൻ റോഡ്, അലവിൽ പോസ്റ്റ്, എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് നിന്നും 69 മീറ്റർ നീളം, 46 മീറ്റർ വീതി, ശരാശരി 25 മീറ്റർ താഴ്ച എന്നീ അളവുകൾ ആയി 79350 ക്യൂബിക് മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം നടത്തുന്നത് 19/9/2023, 8/4/2024 എന്നീ തീയതികളിൽ നടത്തിയ സ്ഥലപരിശോധനയിൽ ജില്ലാ ഓഫീസിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. തുടർന്ന് ജില്ലാ ഓഫീസിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നതാണ്. ആയത് ടിയാൻ നൽകിയ മറുപടി പരിശോധിച്ചു ടി സ്ഥലം കൃഷി യോഗ്യമാക്കുന്നതിനായി കരിങ്കല്ല് ഖനനം ചെയ്തു എന്നും ആയതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉത്തര മേഖല സ്ക്വാഡ് പരിശോധന നടത്തി 2249800/- രൂപ പിഴയായി ഒടുക്കി എന്നും രേഖ മൂലം ബോധിപ്പിച്ചിട്ടുണ്ട്. ആയത് 12360/- ഘന മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റി, വില കോമ്പൗണ്ടിംഗ് ഫീസ് എന്നിവ ചേർത്ത് ഈടാക്കിയിട്ടുള്ളതാണ്. ഈ ഓഫീസ് നിർദേശിക്കുന്ന മുറയ്ക്ക് പിഴ ഒടുക്കുവാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥല പരിശോധനയിൽ 69 മീ. നീളത്തിലും, 46 മീ. വീതിയിലും 25 മീറ്റർ താഴ്ചയിലും ആയി 79350 ഘന മീറ്റർ കരിങ്കല്ല് ഖനനം ചെയ്തിട്ടുള്ളതായും പിന്നീട് ഖനനം ചെയ്ത സ്ഥലങ്ങളിൽ മണ്ണിട്ട് നികത്തി വരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.

നിയമാനുസൃത ഖനനാനുമതി ഇല്ലാതെയുള്ള ധാതു ഖനനം 1957 ലെ മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന്റ് & റെഗുലേഷൻ) നിയമങ്ങളും കെ.എം.എം.സി ചട്ടങ്ങളും പ്രകാരം അനധികൃതമാണ്. അനധികൃത കരിങ്കല്ല് ഖനനം 1957 ലെ മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന്റ് & റെഗുലേഷൻ) നിയമത്തിലെ സെക്ഷൻ 4 (1) ന്റെ ലംഘനമായതിനാൽ ആയത് കുറ്റകരവും സെക്ഷൻ 21 (1) പ്രകാരം ശിക്ഷാർഹവുമാണ്. എന്നാൽ പ്രസ്തുത കുറ്റം സ്ഥലമുടമ താല്പര്യപ്പെടുന്ന പക്ഷം സെക്ഷൻ 23A(1) പ്രകാരം ജില്ലാ ഓഫീസ് നിർദ്ദേശിക്കുന്ന കൊമ്പൗണ്ടിംഗ് ഫീസ് ഈടാക്കി രാജിയാക്കാവുന്നതാണ്.

1957 ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ ആക്ടിലെ ആക്ടിലെ സെക്ഷൻ 21(5) പ്രകാരം അനുമതിയില്ലാതെ ധാതു ഖനനം ചെയ്താൽ ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റിയും വിലയും അനധികൃത ഖനനം നടന്ന സ്ഥലത്തിന്റെ ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. ആയതിനാൽ 1957 ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 21(5) പ്രകാരം അനധികൃതമായി

ഖനനം ചെയ്തതായി കാണപ്പെട്ട 79350 ക്യൂബിക് മീറ്റർ എന്ന അളവിൽ നിന്നും ഉത്തര മേഖല സ്ക്വാഡ് നടപടി സ്വീകരിച്ച 12960 ഘന മീ കുറവ് ചെയ്ത ബാക്കി വരുന്ന 66990 ഘന മീ. കരിങ്കല്ലിന്റെ റോയൽറ്റി ഇനത്തിൽ ക്യൂബിക് മീറ്റർ ഒന്നിന് 120/- രൂപ നിരക്കിൽ 8038800/- (എൺപത് ലക്ഷത്തി മുപ്പത്തി എട്ടായിരത്തി എണ്ണൂറ്) രൂപയും വിലയിനത്തിൽ ക്യൂബിക് മീറ്റർ ഒന്നിന് 480/- രൂപ നിരക്കിൽ 3,21,55,200/- (മൂന്ന കോടി ഇരുപത്തി ഒന്ന ലക്ഷത്തി അമ്പത്തി അയ്യായിരത്തി ഇരുന്നൂറ്) രൂപയും സർക്കാരിന് ഒടുക്കുവാൻ സ്ഥലം ഉടമ ബാധ്യസ്ഥനാണ്.

മേൽ സാഹചര്യത്തിൽ 1957 ലെ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 21(5)ൽ നിഷ്കർഷിക്കുന്ന പ്രകാരം അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റിയും വിലയും കൂടി ആകെ 40194000/- (നാല് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപയും കോമ്പൗണ്ടിങ്ങ് ഫീസും ചേർത്ത് സ്ഥലമുടമയായ ശ്രീ.അബി ഏബ്രഹാം (അബ്രാഹാം മകൻ), അനുഗ്രഹ, കിസാൻ റോഡ്, അലവിൽ പോസ്റ്റ് എന്നവരിൽ നിന്നും സർക്കാരിലേയ്ക്ക് ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ കക്ഷി 79350 $M^3$ കരിങ്കല്ല് അനധികൃത ഖനനം നടത്തിയതായി തിട്ടപ്പെടുത്തുകയും അതനുസരിച്ച് മഹസ്സർ തയ്യാറാക്കുകയും അതിൽ നേരത്തെ പെനാൽറ്റി ഒടുക്കിയ 12360 $M^3$ കരിങ്കല്ലിന്റെ അളവ് കുറച്ച് ബാക്കി 66990 $M^3$ കരിങ്കല്ലിന് പെനാൽറ്റി ഒടുക്കുവാനാണ് ഡിമാന്റ് നോട്ടീസ് നല്കിയിരിക്കുന്നത്. അതിനാൽ അപ്പീൽ കക്ഷി അനധികൃത ഖനനം നടത്തിയിട്ടില്ല എന്ന വാദത്തിന് കഴമ്പില്ല. എന്നാൽ ചട്ടം ഭേദഗതി വരുത്തുന്നതിന് മുമ്പ് ഖനനം നടത്തിയതിനും അതിനു ശേഷമുള്ള നിരക്കു പ്രകാരം പെനാൽറ്റി കണക്കാക്കിയിരിക്കുന്നത് തെറ്റാണെന്ന വാദം പരിഗണിച്ച് ചട്ട ഭേദഗതി വരുത്തുന്നതിന് മുമ്പ് നടത്തിയ ഖനനത്തിന് ആ കാല ഘട്ടത്തിൽ നിലനിന്നിരുന്ന നിരക്ക് പ്രകാരവും അതിനു ശേഷം നടത്തിയ ഖനനത്തിന് നിലവിലുള്ള നിരക്ക് പ്രകാരവും പെനാൽറ്റി നിർണ്ണയിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കി തുക അടിയന്തിരമായി ഈടാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ കണ്ണൂർ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിക്കൊണ്ട് ശ്രീ. അബി എബ്രഹാം , അനുഗ്രഹ, കിസാൻ റോഡ്, അലവിൽ പോസ്റ്റ്, കണ്ണൂർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
#ApprovedByDesignation
& അപ്പീൽ അധികാരി

ശ്രീ അബി എബ്രഹാം അബ്രാഹാം മകൻ, അനുഗ്രഹ, കിസാൻ റോഡ് അലവിൽ പോസ്റ്റ്, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കണ്ണൂർ.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 05-01-2026 15:35:57